


## ഈ പരിശീലന പാഠത്തിൽ നിങ്ങൾ ഒരു ഡ്രോസ്ട്രിംഗ് ബാഗുണ്ടാക്കുന്നതെങ്ങനെയെന്നു പഠിക്കും.



ഇത് വേഗത്തിലും എളുപ്പത്തിലും ഉണ്ടാക്കാം... സാധനങ്ങൾ ഇട്ടു സൂക്ഷിക്കാൻ ഇതു സൗകര്യപ്രദവുമാണ്... ഈ ബാഗിൽ ബുക്കുകളും മറ്റ് സാധനങ്ങളും കൊണ്ടു നടക്കാൻ ഉപയോഗിക്കാം എന്നു മാത്രമല്ല നിങ്ങളുടെ യാത്രകളിൽ ഇത് ഒരു നല്ല സഹചാരിയുമാണ്.

ഈ ബാഗുണ്ടാക്കാൻ നിങ്ങൾക്ക് വേണ്ടവയാണ്... ഒരു സെവെന്റീൻ ബൈ ഫോർട്ടീൻ ഇഞ്ച് പീസ് തുണി... ഒരു പന്ത്രണ്ട് ഫീറ്റ് നീളമുള്ള കോർഡ്... നൂല്... കോർഡ് കൊരുക്കാനായി ഒരു പ്ലാസ്റ്റിക് നീഡിൽ പിന്നെ... ഇസ്തിരിയും.

എന്നാൽ നമുക്ക് തുടങ്ങാം... നാല് അറ്റങ്ങളിൽ നിന്നും തുടങ്ങാം... അറ്റങ്ങൾ ഇതു പോലെ അഞ്ച് സെന്റിമീറ്റർ മടക്കി... ഇസ്തിരിയിടുക... ഒന്നു കൂടി മടക്കി ഇസ്തിരിയിടുക... ഇത് പരിശീലന പാഠത്തിൽ കാണിക്കുന്നതു പോലെ തുണിയുടെ നാലു വശവും ചെയ്യുക.

ഇനി സ്റ്റിച്ച് പാറ്റേൺ സിലെക്ടർ 'എ' യിലേയ്ക്ക് തിരിച്ച് മെഷീൻസെറ്റ് ചെയ്യുക... സ്റ്റിച്ച് ലെംഗ്ത് ടൂ പോയിന്റ് ഫൈവിൽ സെറ്റ് ചെയ്യുക.

നമ്മൾ പരിശീലന പാഠത്തിൽ കാണുന്നതു പോലെ... മടക്കിത്തേച്ച അറ്റത്ത് കൂടിയാണ് തയ്ക്കുന്നത്... ഒരറ്റത്ത് നിന്ന് തയ്ച്ച് തുടങ്ങാം... നിങ്ങൾ എല്ലാ വശവും തയ്ച്ച് കഴിഞ്ഞാൽ അധികം വന്ന് നൂലുകൾ മുറിച്ച് മാറ്റുക.

ഇനി വീതിയുള്ള വശത്ത് കൂടി... നിങ്ങൾ ഈ പരിശീലന പാഠത്തിൽ കാണുന്നതു പോലെ... ആദ്യം അര ഇഞ്ച് മടക്കുക... ഇസ്തിരിയിടുക.





വീണ്ടും ഒരു ഇഞ്ച് കൂടി മടക്കുക... ഇസ്തിരിയിടുക. മറുവശത്തും ഇത് ആവർത്തിക്കുക.

ഇനി മടക്കിയ അരികുകളിലൂടെ തയ്ക്കുക... ഇവയാണ് ഫ്ലാപ്പുകൾ... റിവേഴ്സ് സ്റ്റിച്ച് ഉപയോഗിച്ച് രണ്ട് അറ്റത്തേയും തയ്യലുകൾ ലോക്ക് ചെയ്യാൻ മറക്കരുത്.

മറുവശവും തയ്ക്കുക. അധികം വന്ന നൂൽ മുറിച്ച് മാറ്റുക... നമ്മൾ മുകളിലത്തെ ടണലിംഗ് ചെയ്തു കഴിഞ്ഞു...



അടുത്തതായി, ഈ പ്ലാസ്റ്റിക് നീഡിൽ ഉപയോഗിച്ച് നമ്മൾ കോർഡ് ടണലിൽ കൂടി കടത്തി പുറത്തെടുക്കും.



കോർഡ് നീഡിലിൽ കൊരുത്തിട്ട് അതിൽ ഒരു കെട്ടിടുക... എന്നിട്ട് നീഡിൽ ഇതു പോലെ ടണലിന്റെ ഒരറ്റത്തു കൂടി കടത്തി മറ്റേ അറ്റത്ത് കൊണ്ടു വരിക... ഇനി തുണിയുടെ മറ്റേ അറ്റത്തുള്ള ടണലിൽ കൂടി കോർഡ് പരിശീലന പാഠത്തിൽ കാണുന്നത് പോലെ കടത്തുക... നീഡിൽ പുറത്തെടുത്ത് കോർഡിൽ കെട്ടിട്ട് അത് ഭദ്രമാക്കുക...



കോർഡ് ആവശ്യത്തിനുള്ള നീളത്തിൽ മുറിച്ചെടുക്കുക. മറ്റൊരു നീളമുള്ള കോർഡ് നീഡിൽ ഉപയോഗിച്ച് വീണ്ടും കോർക്കുക... ഇപ്രാവശ്യം മറുവശത്ത് നിന്ന് തുടങ്ങുക... ഇതു പോലെ രണ്ട് അറ്റത്തേയും ടണലിംഗിൽ കൂടി കോർഡ് കടത്തിയെടുക്കുക. അതിനു ശേഷം അറ്റം മുറിച്ച് കെട്ടിടുക. രണ്ട് കോർഡുകൾക്കും ഒരേ നീളമാണെന്ന് ഉറപ്പ് വരുത്തുക... ഇതു ശരിയായി കിട്ടാൻ പരിശീലന പാഠത്തിൽ കാണിച്ചതു പോലെ ചെയ്യുക...



ഇനി ഒരേ വശത്തുള്ള കോർഡിന്റെ രണ്ട് അറ്റവും എടുത്ത് മടക്കിന്റെ താഴെയായി വയ്ക്കുക... തുണിയുടെ ഇടയിലായി ഇതു പോലെ കോർഡ് ഇടണം... കോർഡുകൾ താഴെ പിൻ ചെയ്ത് ഉറപ്പിക്കുക...




വശങ്ങളും പിൻ ചെയ്യുക. മറുവശത്തെ രണ്ട് കോർഡുകളിലും ഇത് ആവർത്തിക്കുക. ഇനി രണ്ടു വശത്തും പിൻ ചെയ്ത അറ്റങ്ങൾ തയ്ക്കുക... തയ്യലുറപ്പിക്കാനായി ആദ്യവും അവസാനവും റിവേഴ്സ് സ്റ്റിച്ച് ചെയ്തു എന്ന് ഉറപ്പ് വരുത്തുക... തയ്ക്കുമ്പോൾ കോർഡ് ഉള്ളിൽ തന്നെയുണ്ടെന്ന് ഉറപ്പാക്കുക...

തയ്ക്കുന്നതിന് ഒപ്പം തന്നെ പിന്നുകൾ നീക്കം ചെയ്യാൻ മറക്കരുത്. അധികമായ കോർഡുകളും നൂലുകളും മുറിച്ച് മാറ്റുക. അടുത്തതായി നമ്മൾ ഓവർ എഡ്ജിംഗിനായി സിഗ്–സാഗ് സ്റ്റിച്ച് വശങ്ങളിൽ നൽകും...

പറ്റേൺ സിലെക്ടർ സി–യിൽ സെറ്റ് ചെയ്യുക... സ്റ്റിച്ച് ലെങ്ത് വൺ പോയിന്റ് ഫൈവാക്കുക... വശങ്ങളിലൂടെ തയ്ക്കുക...   അധികമായ നൂൽ മുറിക്കുക...  ബാഗിന്റെ ശരിയായി വശം പുറത്ത് കൊണ്ടു വരിക...  നിങ്ങളുടെ ഡ്രോസ്ട്രിംഗ് ബാഗ് തയ്യാറായിരിക്കുന്നു...



ഡ്രോസ്ട്രിംഗ് ബാഗുകൾ ഉണ്ടാക്കാൻ വളരെ എളുപ്പമാണ്... അവ കൊണ്ടു നടക്കാനുംഉപയോഗിക്കാനും സൗകര്യപ്രദമാണ്... അവ മനോഹരമാണ്... നിങ്ങൾക്ക് അവ എന്തിനു വേണമെങ്കിലും ഉപയോഗിക്കാം... നിങ്ങൾക്ക് ബാഗുകൾ ഇഷ്ടമാണെങ്കിൽ ഞങ്ങളുടെ ബാഗുകളുടെ മറ്റ് പരിശീലന പാഠങ്ങൾ കാണുക...

കൊള്ളാം അല്ലേ...